പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1878 — 01.11.2019 ൽ മറുപടിയ്ക്ക്

## തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം റൂട്ടിലെ യാത്രാക്ലേശം

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം ബസ് റൂട്ടിൽ സ്വകാര്യ ബസുകൾ സ്ഥിരമായി ട്രിപ്പ് മുടങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | തൃപ്പൂണിത്തുറ-എരൂർ റൂട്ടിലെ യാത്രാ ക്ലേശം സംബന്ധിച്ച് പരാതി ഗതാഗത കമ്മീഷണർക്ക് ലഭിച്ചിട്ടുള്ളതാണ്. ഈ പരാതിയുമായി ബന്ധപ്പെട്ട് വാഹന പരിശോധന നടത്തുമ്പോൾ ടി റൂട്ടിലെ സ്വകാര്യ ബസ്സുകൾ ട്രിപ്പ് മുടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം റൂട്ടിൽ ട്രിപ്പ് മുടങ്ങുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) | ഇതുകാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശത്തിന് പരിഹാരമായി ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| (സി) | എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ